2023
AUGUST
24
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ജൂനിയർഫുട്ബോൾ: മലപ്പുറത്തിന് കിരീടം

*മൂന്നാം സ്ഥാനം കാസർകോഡിന്
*കാസർകോഡിന്റെ ഉമർ അഫാഫ് മികച്ച താരം



**കൊച്ചി:** പൊരുതിക്കളിച്ച ആതിഥേയരായ എറണാകുളത്തെ 4-2ന് തോൽപ്പിച്ച് സംസ്ഥാന ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മലപ്പുറത്തിന് കിരീടം. 21ന് പിന്നിൽ നിന്ന ശേഷമാണ് നിലവിലെ ജേതാക്കളായ മലപ്പുറം കിരീടപ്പോരാട്ടം വിജയിച്ചത്. മത്സരത്തിന്റെ അഞ്ചാം മിനിറ്റിൽ തന്നെ ബോസ് തോങ്ബാമിന്റെ ഗോളിൽ മലപ്പുറം ലീഡ് നേടി. രണ്ട് മിനിറ്റുകൾക്കം കെവിൻ അനോജിലൂടെ എറണാകുളം തിരിച്ചടിച്ചു. രണ്ടാം പകുതിയുടെ തുടക്കത്തിൽ മധവേഷ് കൃഷ്ണയിലൂടെ ലീഡ് പിടിച്ച എറണാകുളത്തെ നിഷ്പ്രഭമാക്കുന്ന പ്രകടനമായിരുന്നു പിന്നീട് മലപ്പുറത്തിന്റേത്. കളം നിറഞ്ഞ് കളിച്ച നിലവിലെ ചാമ്പ്യൻമാർ കൃത്യമായ ഇടവേളകളിൽ ഗോൾ നേടി ജയം ഉറപ്പാക്കുകയായിരുന്നു. സിനാൻ ജലീൽ ഇരട്ട ഗോൾ നേടി. ഗോൾവേട്ടക്കാരൻ അക്ഫൽ അജാസ് കലാശക്കളിയിലും ഗോൾവല ചലിപ്പിച്ചു.രാവിലെ നടന്ന ലൂസേഴ്സ് ഫൈനലിൽ കാസർക്കോട് 4-3ന് തൃശൂരിനെ തോൽപ്പിച്ചു. കാസർഗോഡിനായി അബ്ദുല്ല റൈഹാൻ ഹാട്രിക് നേടി. കാസർഗോഡിന്റെ ഉമർ അഫാഫ് ആണ് ടൂർണമെന്റിലെ മികച്ച താരം. മികച്ച ഗോൾകീപ്പർ നിരഞ്ജൻ എ (കോഴിക്കോട്), മികച്ച ഡിഫൻഡർ ധ്യാൻകൃഷ്ണ എസ് (എറണാകുളം) മികച്ച മിഡ്ഫീൽഡർ അജ്സൽ റബീഹ് (മലപ്പുറം) എന്നിവരാണ് മറ്റു പുരസ്കാര ജേതാക്കൾ. സമാപന ചടങ്ങിൽ കൊച്ചി മേയർ എം.അനിൽകുമാർ വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു. എറണാകുളം ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് പി.വി ശ്രീനിജൻ എം.എൽ.എ അധ്യക്ഷനായ ചടങ്ങിൽ സെക്രട്ടറി വിജു ചൂളയ്ക്കൽ, കെ.എഫ്.എ വൈസ് പ്രസിഡന്റ് പി.പൗലോസ്, മുൻ ഇന്ത്യൻ താരം സി.സി ജേക്കബ്, ജോസ് ലോറൻസ്, ഡെറിക് ഡി കോത്ത് തുടങ്ങിയവർ സംസാരിച്ചു.

# ചന്ദ്രനിൽ തല ഉയർത്തി ഇന്ത്യ

*ഇന്ത്യ സോഫ്റ്റ്ലാൻഡിങ്ങ് നടത്തുന്ന നാലാമത്തെ രാജ്യം
*സോഫ്റ്റ് ലാൻഡിംഗ് പൂർത്തിയാക്കിയത് ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ



**ന്യൂഡൽഹി:** ബഹാരാകാശനേട്ടങ്ങൾക്ക് മുന്നിൽ തല ഉയർത്തി ഇന്ത്യ.ചന്ദ്രയാൻ ദൗത്യം പൂർണ്ണ വിജയം.ഐ.എസ്.ആർ.ഒ പ്രതീക്ഷിച്ചിരുന്നതുപോലെ തന്നെ കൃത്യസമയത്ത് ഇന്ത്യയുടെ പേടകം ചന്ദ്രോപരിതലം സ്പർശിച്ചു.ചായന്ദ്രയാൻ ദൗത്യം വിജയിച്ചതായി ഐ.എസ്.ആർ.ഒ സ്ഥിരീകരിച്ചതോടെ രാജ്യമെങ്ങും ആഘോഷത്തിലമർന്നു.ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലാണ് ലോകത്തെ സാക്ഷിയാക്കി ചന്ദ്രയാൻ മൂന്ന് സോഫ്റ്റ് ലാൻഡിംഗ് വിജയകരമായി പൂർത്തിയാക്കിയത്. ഇന്നലെ വൈകുന്നേരം 5.45 ന് തുടങ്ങിയ ലാൻഡിംഗ് പ്രക്രിയ 19 മിനുട്ടുകൾ കൊണ്ടാണ് പൂർത്തിയാക്കിയത്. വൈകിട്ട് 6.03നായിരുന്നു ലാൻഡിങ്.ചന്ദ്രനിൽ സോഫ്റ്റ്ലാൻഡിങ്ങ് നടത്തുന്ന നാലാമത്തെ രാജ്യമെന്ന ഖ്യാതിയും ചരിത്രനേട്ടവുമാണ് ഇതോടെ ഇന്ത്യ സ്വന്തമാക്കിയത്. ഇതിനുമുൻപു ചന്ദ്രനിൽ ഇറങ്ങിയിട്ടുള്ള യുഎസ്, സോവിയറ്റ് യൂണിയൻ, ചൈന എന്നീ രാജ്യങ്ങൾക്കൊപ്പം ഇതോടെ ഇന്ത്യയുടെ പേരും എഴുതിച്ചേർക്കപ്പെട്ടു.ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ മാൻസിനസ് സി, സിംപിലിയസ് എൻ ഗർത്തങ്ങളുടെ ഇടയിലാണ് ചന്ദ്രയാൻ മൂന്ന് ഇറങ്ങിയത്. നാല് കിലോമീറ്റർ വീതിയും 2.4 കിലോമീറ്റർ നീളവുമുള്ള പ്രദേശമാണ് ലാൻഡിങ്ങിനായി തെരഞ്ഞെടുത്തിരുന്നത്. ചന്ദ്രയാൻ രണ്ട് ഓർബിറ്ററിൽ നിന്നുള്ള ചിത്രങ്ങൾ വച്ചാണ് ചന്ദ്രയാൻ മൂന്നിന്റെ ലാൻഡിങ്ങ് സ്ഥാനം തെരഞ്ഞെടുത്തത്.ബംഗളൂരുവിലെ ഐഎസ്ആർഒ ടെലിമെട്രി, ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്വർക്കിനു (ഇസ്ട്രാക്) കീഴിലെ മിഷൻ ഓപറേഷൻസ് കോംപ്ലക്സിലാണ് ചന്ദ്രയാൻ 3ന്റെ ലാൻഡിങ് നിരീക്ഷിച്ചത്. പേടകത്തിന്റെ ആന്തരികഘടകങ്ങൾ ഉൾപ്പെടെ മിഷൻ ഓപറേഷൻസ് കോംപ്ലക്സിലെ ഗവേഷകർ പരിശോധിച്ചു വിലയിരുത്തിയിരുന്നു. ഇന്ത്യയുടെ അഭിമാനമായ ചന്ദ്രയാൻ മൂന്ന് ചന്ദ്രോപരിതലത്തിൽ ഇറങ്ങിയ നിമിഷം ഐതിഹാസികമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭൂമിയിൽ സ്വപ്നം കണ്ടത് രാജ്യം ചന്ദ്രനിൽ നടപ്പാക്കിയെന്നും ഈ നിമിഷം പുതിയ ഇന്ത്യയുടെ ജയഘോഷത്തിന്റേതാണെന്നും ദക്ഷിണാഫ്രിക്കയിലെ ജോഹന്നസ്ബർഗിൽ നിന്നും രാജ്യത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി പറഞ്ഞു.

## ഓണക്കിറ്റ് വിതരണം: ആഗസ്റ്റ് 28 വരെ

**തിരുവനന്തപുരം:** എ.എ.വൈ (മഞ്ഞ) റേഷൻ കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമുള്ള സൗജന്യ ഓണക്കിറ്റ് നാളെ (വ്യാഴം) മുതൽ റേഷൻ കടകൾ വഴി ഭാഗികമായി ലഭ്യമായിത്തുടങ്ങും. എന്നാൽ കിറ്റിൽ ഉൾപ്പെടുത്തിയ കശുവണ്ടി, മിൽമ ഉൽപ്പന്നങ്ങൾ എല്ലാ ജില്ലകളിലും പൂർണ്ണതോതിൽ എത്തിച്ചേർന്നിട്ടില്ല. അതിനാൽ ആഗസ്റ്റ് 25 മുതൽ മാത്രമേ പൂർണ്ണതോതിൽ ഭക്ഷ്യ കിറ്റ് വിതരണം നടക്കുകയുള്ളൂ എന്ന് ഭക്ഷ്യമന്ത്രി അറിയിച്ചു. ആഗസ്റ്റ് 28 വരെ ഭക്ഷ്യകിറ്റ് വിതരണം ഉണ്ടായിരിക്കുമെന്നും ഒരു എ.എ.വൈ കാർഡ് ഉടമയ്ക്കും കിറ്റ് ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## പാലങ്ങളുടെ ഉദ്ഘാടനം ഇന്ന്

**ആലപ്പുഴ:** 28 കോടി രൂപ ചെലവിൽ നിർമിച്ച ശവക്കോട്ട കൊമ്മാടി പാലങ്ങളുടെ ഉദ്ഘാടനം ഇന്ന് (ഓഗസ്റ്റ് 24) ഉച്ചകഴിഞ്ഞ് മൂന്നിന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും. കിഫ്ബി ഫ് ഉപയോഗിച്ചാണ് പാലങ്ങൾ നിർമിച്ചത്.ശവക്കോട്ട പാലത്തിന് സമീപം നടക്കുന്ന ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ. അധ്യക്ഷനാകും. എ.എം. ആരിഫ് എം.പി., ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, ജില്ല കളക്ടർ ഹരിത വി. കുമാർ, ജില്ല പോലീസ് മേധാവി ചൈത്ര തെരേസ ജോൺ എന്നിവർ മുഖ്യാതിഥികളാകും.നഗരസഭാധ്യക്ഷ കെ.കെ. ജയമ്മ, വൈസ് ചെയർമാൻ പി.എസ്.എം. ഹുസൈൻ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.ആർ. പ്രേം, കെ.എസ്.ഡി.പി. ചെയർമാൻ സി.ബി. ചന്ദ്രബാബു, കെ.എൽ.ഡി.സി. ചെയർമാൻ പി.വി. സത്യനേശൻ, നഗരസഭ കൗൺസിലർമാരായ റീഗോ രാജു, ഹെലൻ ഫർാസ്, ബി. മെഹ്ബൂബ്, ജ്യോതി പ്രകാശ്, മോനിഷ ശ്യാം, ഡി.പി. മധു, കെ.എർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ എം. അശോക് കുമാർ, കെ.എർ.എഫ്.ബി. പി.എം.യൂ. സൗത്ത് സർക്കിൾ ടീം ലീഡർ പി.ആർ. മഞ്ജുഷ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## 12 നഗര റോഡുകളുടെ ഉദ്ഘാടനം ഇന്ന്

**ആലപ്പുഴ:** സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നിർമിച്ച 12 നഗര റോഡുകളുടെ ഉദ്ഘാടനവും എസ്.എൻ. ജംഗ്ഷൻ കണിയാകുളം റോഡിന്റെ നിർമാണോദ്ഘാടനവും ഇന്ന് (ഓഗസ്റ്റ് 24) വൈകിട്ട് നാലിന ് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും.ഇരവുകാട് കാപ്പമൂട് നടക്കുന്ന ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനാകും. എ.എം. ആരിഫ് എം.പി. വിശിഷ്ടാതിഥിയാകും. നഗരസഭാധ്യക്ഷ കെ.കെ. ജയമ്മ, വൈസ് ചെയർമാൻ പി.എസ്.എം. ഹുസൈൻ, വാർഡ് കൗൺസിലർ സൗമ്യരാജ്, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷർ, കൗൺസിലർമാർ, പി.ഡബ്ല്യു.ഡി. നിരത്ത് വിഭാഗം ഉദ്യോഗസ്ഥർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ മൾഗർ റോഡ്, ഇരവുകാട് ക്ഷേത്രം റോഡ്, എച്ച്.ബി. പാടം റോഡ്, വെറ്റക്കാരൻ റബ്ബർ ഫാക്ടറി റോഡ്, തേജസ് നഗർ റോഡ്, തേജസ് നഗർ ബ്രാഞ്ച് റോഡ്, സെന്റ് മേരീസ് റോഡ്, എൽ.ഐ.സി. റോഡ്, ചാപ്പള്ളി കണിയാംകുളം റോഡ്, റെയിൽവേ ലൈൻ ഇ.എം.പി. റോഡ്, കൊട്ടാരംപാലം ചെറുപുഷ്പം റോഡ്, മുഖാംപള്ളി റോഡ് എന്നീ 12 നഗര റോഡുകളാണ് ഉദ ്ഘാടനം ചെയ്യുന്നത്. 7.35 കോടി രൂപ ചെലവിലാണ് ഈ റോഡുകൾ നിർമിച്ചത്. 6.5 കോടി രൂപ ചെലവിലാണ് എസ്.എൻ. ജംഗ്ഷൻ കണിയാംകുളം കിഴക്ക് റോഡ് നിർമിക്കുന്നത്.

## ഗസ്റ്റ് ലക്ചറർ ഒഴിവ്: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ പി.ജി, നെറ്റ് എന്നിവയാണ് യോഗ്യത. താത്പര്യമുള്ളവർ സെപ്റ്റംബർ ഒന്നിന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റ് സഹിതം അഭിമുഖത്തിനായി പ്രിൻസിപ്പാൾ ഓഫീസിൽ എത്തണം. ഫോൺ: 9447488348

### ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് കോഴ്സ്: 26 വരെ അപേക്ഷിക്കാം

**ആലപ്പുഴ:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് കോഴ്സിലേക്ക് ഓഗസ്റ്റ് 26 വരെ അപേക്ഷിക്കാം. പ്ലസ്ടു തത്തുല്യമാണ് യോഗ്യത. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്തെ എസ്.ആർ.സി. ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസവൻ പി.ഒ, തിരുവനന്തപുരം33. ഫോൺ: 0471 2570471, 9846033009. വെബ്സൈറ്റ്: https://apps.rccc.in/regi-ster

# വിദ്യാഭ്യാസം ശാസ്ത്രാവബോധവും മാനവികതയും ഉയർത്തിപ്പിടിക്കുന്നതാകണം



**തിരുവനന്തപുരം:** വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ വിദ്യാഭ്യാസമാണ് വിദ്യാർത്ഥികൾക്ക് നൽകേണ്ടതെന്നും ഇത് മാനവികത ഉയർത്തിപ്പിടിക്കുന്നതാകണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എൻ സി ഇ ആർ ടി ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയ ഹയർസെക്കൻഡറി അഡീഷണൽ പാഠപുസ്തകങ്ങളുടെ പ്രകാശനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സ്മാർട്ട് ക്ലാസ് റൂമുകളും ലൈബ്രറികളും ലാബുകളുമുള്ള കേരളത്തിലെ സ്കൂളുകൾ രാജ്യത്തിന് മാതൃകയാണ്. 2023 24 അധ്യയന വർഷത്തിൽ എൻ സി ഇ ആർ ടി ചില പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങൾ നീക്കം ചെയ്യുന്ന സാഹചര്യമുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം എസ് ഇ ആർ ടി വിദഗ്ദ്ധ സമിതി ഇത് പരിശോധിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി പ്ലസ് വൺ ക്ലാസിനുള്ള ഹിസ്റ്ററി, പൊളിറ്റിക്സ്, ഇക്കണോമിക്സ്, സോഷ്യോളജി വിഷയങ്ങളിൽ ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പാഠപുസ്തകങ്ങൾ അച്ചടിച്ചു. ഗാന്ധി വധം, മുഗൾ ചരിത്രം, പഞ്ചവൽസര പദ്ധതികൾ എന്നിവ ഇതിലുൾപ്പെടുന്നു. സങ്കുചിത മതരാഷ്ട്രബോധത്തിനപ്പുറം മത നിരപേക്ഷമായി ചിന്തിക്കാൻ കഴിയുന്ന സമൂഹമാണ് രൂപപ്പെടേണ്ടത്. വിദ്യാലയങ്ങളെ സാമൂഹിക പുരോഗതിക്കായി ഉപയോഗിക്കണമെങ്കിൽ ചരിത്രത്തെയും സമൂഹത്തെയും ശാസ്ത്രത്തെയും വ്യക്തമായി മനസ്സിലാക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പ്രകാശനത്തിനുശേഷം മുഖ്യമന്ത്രി പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് കൈമാറി.ഭരണഘടനാനുസൃതമായി വിശാല ജനാധിപത്യമൂല്യങ്ങളിലധിഷ്ഠിതമായാണ് അഡീഷണൽ പാഠ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻ കുട്ടി പറഞ്ഞു. തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻ കുട്ടി അദ്ധ്യക്ഷത വഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് സ്വാഗതമാശംസിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, കൗൺസിലർ രാഖി രവികുമാർ, എസ് ഇ ആർ ടി ഡയറക്ടർ ഡോ. ജയപ്രകാശ് ആർ കെ, സമഗ്ര ശിക്ഷ കേരളം പ്രോജക്ട് ഡയറക്ടർ ഡോ. സുപ്രിയ എ ആർ, കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ അൻവർ സാദത്ത്, എസ് ഐ ഇ ടി ഡയറക്ടർ ബി അബുരാജ്, സീമാറ്റ് ഡയറക്ടർ ഡോ. വി ടി സുനിൽ, സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. എ ജി ഒലീന, പി ടി എ പ്രസിഡന്റ് റഷീദ് ആനപ്പുറം, പ്രിൻസിപ്പൽ ഗ്രീഷ്മ വി, രാജേഷ് ബാബു, ഗീത ജി എന്നിവർ പങ്കെടുത്തു.

# കേരളത്തിൽ ഒന്നര വർഷം കൊണ്ട് 18.5 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകി




**ആലപ്പുഴ:** കഴിഞ്ഞ ഒന്നര വർഷം കൊണ്ട് കേരളത്തിൽ 18.5 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിഞ്ഞതായി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ജലജീവൻ പദ്ധതിയിൽ അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ 14.39 കോടി രൂപ മുതൽ മുടക്കി നിർമിച്ച ജലസംഭരണിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 2024 ഡിസംബറോടെ ശേഷിക്കുന്ന കണക്ഷനുകൾ കൂടി പൂർത്തിയാക്കും. ഈ പ്രയത്നത്തിന്റെ ആദ്യഘട്ടം വിജയിച്ചു. കേരളത്തിലെ 70.85 ലക്ഷം കുടുംബങ്ങളിലേക്ക് കുടിവെള്ള കണക്ഷനാവശ്യമായ ടെൻഡർ നടപടികൾ പൂർത്തിയാക്കി. ഇതിനായി 41,000 കോടി രൂപയുടെ ഭരണാനുമതി നൽകിയതായും അതിന്റെ സൂക്ഷ്മ പരിശോധന പുരോഗമിക്കുകയാണ്. കുടിവെള്ളം പോലെ തന്നെ കടലാക്രമണം പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറായി. അതിന്റെ മികച്ച മാതൃകയാണ് ചെല്ലാനം. തകഴിയിലെ പൈപ്പ് പൊട്ടുന്ന പ്രശ്നത്തിന് പരിഹാരം കാണാനായത് ഏറെ അഭിമാനം നൽകുന്ന കാര്യമാണെന്നും മന്ത്രി പറഞ്ഞു. ജലസംഭരണിയുടെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കിയ ചിക്കാഗോ കൺസ്ട്രക്ഷൻസ് ഇന്റർനാഷണൽ കമ്പനിയേയും സ്വകാര്യ വ്യക്തിയിൽ നിന്ന് സ്ഥലം വാങ്ങിയെടുക്കുന്നതിന് നിർണായക പങ്കുവഹിച്ച അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ജെ. രാജേന്ദ്രൻ എന്നിവരെ മന്ത്രി ആദരവ് നൽകി. 22.5 ലക്ഷം രൂപ ചെലവിൽ പഞ്ചായത്ത് സ്വകാര്യ വ്യക്തിയിൽ നിന്ന് വാങ്ങിയ 15 സെന്റ് സ്ഥലത്താണ് ടാങ്ക് നിർമിച്ചത്. 2021ൽ ആരംഭിച്ച പ്രവർത്തി 2023 ഏപ്രിലിൽ പൂർത്തീകരിച്ചു. 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കാണ് പൂർത്തിയാക്കിയത്. ഇതോടൊപ്പം പഞ്ചായത്തിലെ റെയിൽവേ ലൈന് കിഴക്കുവശത്തുള്ള വീടുകളിൽ പൂർണ്ണ തോതിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിന് റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതിക്കായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 1.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ പഞ്ചായത്ത്, നഗരസഭ കേന്ദ്രങ്ങളിലായി 8 ജലസംഭരണികളാണ് നിർമ്മിക്കുന്നത്. കിഫ്ബി, അമൃത്, ജല ജീവൻ പദ്ധതികൾ വഴിയാണ് ഇവയുടെ നിർമാണം. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ പൂർത്തിയാക്കിയ ഓവർ ഹെഡ് ടാങ്കിന് പിന്നാലെ മറ്റ് രണ്ടെണ്ണത്തിന്റെ നിർമ്മാണത്തിനും തുടക്കമായി. നീർക്കുന്നം മാധവ മുക്കിന് സമീപം നടന്ന ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# മൂവാറ്റുപുഴ നിർമ്മല കോളേജ് കവാടത്തിൽ ഗതാഗത പരിഷ്ക്കാരം




**കൊച്ചി:** മൂവാറ്റുപുഴ നിർമ്മല കോളേജ് കവാടത്തിൽ തുടർച്ചയായി അപകടം ഉണ്ടാകുന്നതായി ലഭിച്ച പരാതിയെ തുടർന്ന് താത്ക്കാലിക ഗതാഗത പരിഷ്ക്കാരം നടപ്പിലാക്കാൻ തീരുമാനമായി.കവാടത്തിൽ നിന്ന് ഇരുവശത്തേക്കും 30 മീറ്റർ അകലെ ബസ് സ്റ്റോപ്പ് മാറ്റുന്നതിനും കോളേജിൽ നിന്ന് പുറത്തേക്ക് വരുന്ന കുട്ടികൾക്ക് കാൽനട സഞ്ചാരത്തിന് ഉതകുന്ന തരത്തിൽ റോഡിന്റെ സൈഡിലൂടെ ബസ് സ്റ്റോപ്പിലേക്ക് സഞ്ചരിക്കുന്നതിന് നടവഴി നിർമ്മിക്കുന്നതിനും കോളേജ് പ്രവർത്തനാരംഭ സമയത്തും പ്രവർത്തനം അവസാനിക്കുന്ന സമയത്തും മുന്നിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ വേഗത കവാടത്തിന് സമീപം കുറയ്ക്കുന്നതിനും ആവശ്യമായ ക്രമീകരണം ചെയ്യുന്നതിനും തീരുമാനമായി.തുടർച്ചയായി അപകടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെടുത്തി കോളേജ് അധികൃതർ ജില്ലാകളക്ടർക്ക് പരാതി നൽകിയിരുന്നു. ആവശ്യമായ നടപടി എടുക്കുന്നതിന് മൂവാറ്റുപുഴ തഹസിൽദാരെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്താണ് അപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചത്.പോലീസിന്റെ സഹായത്തോടെ കോളേജിലെ എൻ സി സി കേഡറ്റുകൾക്ക് ആവശ്യമായ പരിശീലനം നൽകി ഗതാഗതം നിയന്ത്രിക്കാൻ യോഗം തീരുമാനിച്ചു. ഉടൻ തന്നെ ബസ് സ്റ്റോപ്പിനോട് ചേർന്ന് അപകട സൂചന നൽകുന്ന ലൈറ്റുകൾ സ്ഥാപിക്കുന്നതിനും കാഴ്ച്ച മറയുന്ന തരത്തിലുള്ള ബോർഡുകൾ, പരസ്യങ്ങൾ, വൃക്ഷങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും തീരുമാനമായി. തഹസിൽദാർ രഞ്ജിത്ത് ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പിഡബ്ല്യുഡി (റോഡ്സ്) അസിസ്റ്റന്റ് എഞ്ചിനീയർ ജൂലിൻ ജോസഫ്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സിബി മോൻ ഉണ്ണി, മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പി ആർ ഒ സിബി അച്ചുതൻ, ആവോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷെൽമി ജോൺസ്, ആവോലി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി വി.എ. മനോജ്, നിർമ്മല കോളേജ് പ്രിൻസിപ്പാൾ കെ.വി. തോമസ്., ഫാദർ ജോസ് പുള്ളോപ്പിള്ളിൽ, ഫാദർ. ജസ്റ്റിൻ.കെ. കുര്യാക്കോസ്, ഡെപ്യൂട്ടി തഹസിൽദാർ മോൻസി ചെറിയാൻ, വില്ലേജ് ഓഫീസർ റ്റി.ആർ ചന്ദ്രസേനൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# സമം: സാഹിത്യ സംഗമം സംഘടിപ്പിച്ചു

**കൊച്ചി:** സ്ത്രീ സുരക്ഷയ്ക്കായി സാംസ്കാരിക മുന്നേറ്റം ജില്ലാ പരിപാടിയുടെ ഭാഗമായി 'സമം' സാഹിത്യ സംഗമം സംഘടിപ്പിച്ചു. സംസ്ഥാന സർക്കാർ, സാംസ്കാരിക വകുപ്പ്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച സാഹിത്യ സംഗമം കാലടി സർവകലാശാല മുൻ വൈസ് ചാൻസിലർ എം സി ദിലീപ് കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിച്ചു. സാഹിത്യ അക്കാദമി അവാർഡ് ജേതാക്കളായ എൻ ജി ഉണ്ണികൃഷ്ണൻ (കവിത), പി എഫ് മാത്യൂസ് (കഥ), സേതുരാമൻ (വൈജ്ഞാനിക സാഹിത്യം) എന്നിവരെ ചടങ്ങിൽ ആദരിച്ചു. സമകാലിക ജീവിതവും രാഷ്ട്രീയവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സാഹിത്യ സംവാദത്തിൽ സാഹിത്യകാരി ജ്യോതിലക്ഷ്മി ഉമാ മഹേശ്വരൻ



വിഷയ അവതരണം നടത്തി. രശ്മി കേളു, ഷബ്നാ നവാസ്, കൃഷ്ണ ബാല, ദീപ ദിനേശ് തുടങ്ങിയവർ സാഹിത്യ സംവാദത്തിൽ പങ്കെടുത്തു. ചടങ്ങിൽ ഓൾ ഇന്ത്യ റേഡിയോ കൊച്ചി എഫ് എമ്മിലെ പ്രീതി ജോസഫ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി വൈ വിജയകുമാർ, ഫിനാൻസ് ഓഫീസർ ജോബി തോമസ്, സൂപ്രണ്ട് ജോസഫ് അലക്സാണ്ടർ, ക്ലർക്ക് എം സി സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

## എറണാകുളം നിയോജകമണ്ഡലം ഓണം ഫെയറിന് തുടക്കമായി



കൊച്ചി: സപ്ലൈകോ എറണാകുളം നിയോജക മണ്ഡലം ഓണം ഫെയറിന്റെ ഉദ്ഘാടനം ടി.ജെ വിനോദ് എം എൽ എ നിർവഹിച്ചു. സപ്ലൈകോ ഗാന്ധിനഗർ ഹൈപർ മാർക്കറ്റിലാണ് ഫെയർ സംഘടിപ്പിക്കുന്നത്. ചടങ്ങിൽ കൗൺസിലർ ബിന്ദു ശിവൻ ആദ്യവില്പന നിർവഹിച്ചു. സപ്ലൈകോ അസിസ്റ്റന്റ് മേഖലാ മാനേജർ സന്തോഷ് കുമാർ , കൊച്ചി ഡിപോ ജൂനിയർ മാനേജർ എസ്. ബിജു തുടങ്ങിയവർ സംസാരിച്ചു. ഓഗസ്റ്റ് 28 വരെയാണ് ഫെയർ. രാവിലെ 10 മുതൽ വൈകിട്ട് 8 വരെയാണ് ഫെയർ.

## മാസ്റ്റർ പ്ലാൻ:ജനപ്രതിനിധികളുടെ യോഗം ചേർന്നു

**കൊച്ചി:** കൊച്ചി നഗരത്തിനായുള്ള മാസ്റ്റർപ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട് എംപി, എം.എൽ.എ.മാർ എന്നിവരുടെ യോഗം ചൊവ്വാഴ്ച മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. മാസ്റ്റർപ്ലാൻ കരട് പ്രസിദ്ധീകരിക്കുന്നതിന് മുമ്പും ഇതുപോലൊരു യോഗം ജില്ലയിൽ നിന്നുള്ള മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ ചേർന്നിരുന്നു. ചൊവ്വാഴ്ച നടന്ന യോഗത്തിൽ എം.പി. ഹൈബി ഈഡൻ, എം.എൽ.എ മാരായ കെ.ബാബു, കെ. ജെ. മാക്സി, ടി. ജെ വിനോദ് എന്നിവർ പങ്കെടുത്തു.യോഗത്തിൽ റീജിയണൽ ടൗൺ പ്ലാനർ മാസ്റ്റർ പ്ലാനിന്റെ ഇതു വരെയുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചു. മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട ഹിയറിംഗിൽ വ്യക്തികൾ സമർപ്പിച്ച പരാതികളുടെ സംക്ഷിപ്തരൂപം യോഗത്തിൽ അവതരിപ്പിച്ചു. പൊതുജനങ്ങൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്ന നിർദ്ദേശങ്ങൾ ലഘൂകരിക്കുവാനുള്ള മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ പൊതുവായ നിലപാടും മേയർ യോഗത്തിൽ വിശദീകരിച്ചു. ഇക്കാര്യം പഠിച്ച് ചില റോഡ് വികസനപദ്ധതികൾ മാറ്റം വരുത്തണമെന്ന അഭിപ്രായം ജനപ്രതിനിധികൾ മുന്നോട്ടുവച്ചു. പ്രായോഗികമായ റോഡ് വികസന പദ്ധതികൾ മാത്രം ഉൾക്കൊ് അപ്രായോഗികമായവ ഉപേക്ഷിക്കണമെന്ന് ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. ഭൂമിയുടെ വിനിയോഗത്തിൽ നിയന്ത്രണം വരുത്തുന്നത് നഗരത്തിൻറെ വളർച്ചയ്ക്ക് ഗുണകരമല്ല എന്ന അഭിപ്രായവും പങ്കുവച്ചു.ചർച്ചകളുടെ അടിസ്ഥാനത്തിൽ ഓരോ മണ്ഡലത്തിലെയും റോഡ് വികസന പദ്ധതികളുടെ സംക്ഷിപ്ത രൂപവും ഭൂമിയുടെ വിനിയോഗത്തിലെ നിയന്ത്രണവുമായി ബന്ധപ്പെട്ട വിവരങ്ങളും എം.പി.ക്കും എം.എൽ.എ. മാർക്കും 10 ദിവസത്തിനകം ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിൽ നിന്നും നൽകുവാൻ യോഗം തീരുമാനിച്ചു. അപ്രകാരം നൽകുന്ന വിവരങ്ങൾ പരിശോധിച്ച് അടുത്ത 10 ദിവസത്തിനകം ജനപ്രതിനിധികൾ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കും. ഈ മാറ്റങ്ങൾ കൂടി പരിഗണിച്ച് നഗരത്തിലെ വിവിധ സംഘടനകളുമായും ബന്ധപ്പെട്ട കക്ഷികളുമായി കൂടി ചർച്ച നടത്തിയാകും മാസ്റ്റർ പ്ലാൻ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുക. മാസ്റ്റർ പ്ലാൻ രൂപീകരണത്തിനായുള്ള ക്രിയാത്മക സഹകരണം എല്ലാ ജനപ്രതിനിധികളും ഉറപ്പ് നൽകി.

## വിദ്യാർഥികൾക്ക് ഓണാശംസ കാർഡ് മത്സരം

കൊച്ചി: മാലിന്യമുക്തം നവകേരളം പ്രചാരണത്തിന്റെ ഭാഗമായി 'ഈ ഓണം വരുംതലമുറയ്ക്ക് എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് ഓണാശംസ കാർഡ് തയ്യാറാക്കൽ മത്സരം സംഘടിപ്പിക്കുന്നു.സംസ്ഥാന ശുചിത്വ മിഷൻ സംഘടിപ്പിക്കുന്ന മത്സരത്തിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ യു പി, ഹൈസ്കൂൾ വിദ്യാർഥികൾക്കു പങ്കെടുക്കാം. മികച്ച മൂന്ന് കാർഡുകൾക്ക് സംസ്ഥാന ശുചിത്വമിഷനും ജില്ലയിലെ മികച്ച മൂന്ന് കാർഡുകൾക്ക് ജില്ലാ ശുചിത്വ മിഷനും സമ്മാനങ്ങൾ നൽകും.

# ഉണർവ്വ് 2023 ഓണം വിപണന മേളയ്ക്ക് തുടക്കം




**കൊച്ചി:** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഉണർവ്വ് 2023 ഓണം വിപണനയ്ക്ക് കാക്കനാട് കളക്ടറേറ്റിൽ തുടക്കമായി. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് മേള ഉദ്ഘാടനം ചെയ്തു.മികച്ച ഉൽപ്പന്നങ്ങളാണ് മേളയിലുള്ളത് എന്നും സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ഉത്തരം ഉദ്യമങ്ങൾ ഏറെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. മേളയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നതായും ഇത്തവണത്തെ ഓണം എല്ലാവർക്കും മികച്ചതാകട്ടെ എന്നും ആശംസിച്ച ശേഷമാണ് അദ്ദേഹം മടങ്ങിയത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കുന്ന ശരണ്യ, കൈവല്യ, കെസ്റു, ജോബ് ക്ലബ്, നവജീവൻ എന്നീ സ്വയം തൊഴിൽ പദ്ധതികളിലെ സംരംഭകരുടെ വൈവിധ്യമാർന്ന ഉൽപന്നങ്ങളാണ് മേളയിൽ വിൽപനയ്ക്കൊരുക്കിയിരിക്കുന്നത്. ഓഗസ്റ്റ് 26 വരെ രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് മേള സംഘടിപ്പിക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ കെ. അബ്ദുറഹിമാൻ കുട്ടി അധ്യക്ഷത വഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ഡി.എസ് ഉണ്ണികൃഷ്ണൻ, കുസാറ്റ് ഡെപ്യൂട്ടി ചീഫ് കൃഷ്ണകുമാർ, സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ കെ.എസ് ബിന്ദു, എംപ്ലോയ്മെന്റ് ഓഫീസർമാരായ കെ.എസ് സനോജ്, പി.എസ് ജോസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഉത്സവബത്ത അനുവദിച്ചു

**കൊച്ചി:** കളമശ്ശേരി. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഓണത്തോടനുബന്ധിച്ച് ആശുപത്രി വികസന സമിതി യുടെയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെയും കീഴിൽ ജോലി ചെയ്യുന്ന കരാർ, ദിവസവേതന ജീവനക്കാർ എന്നിവർക്കുള്ള ഉത്സവബത്ത അനുവദിച്ചു.ആശുപത്രി വികസന സമിതി വിഭാഗത്തിലെ 200 ദിവസങ്ങൾ പൂർത്തീകരിച്ച 187 ജീവനക്കാർക്ക് 4000/ രൂപയും, ആറു ജീവനക്കാർക്ക് 2750/ രൂപയുമാണ് നൽകുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ജോലിചെയ്യുന്ന ആറു മാസം പൂർത്തീകരിച്ച 15 കരാർ ജീവനക്കാർക്ക് 2750/രൂപയും,ആറു മാസം പൂർത്തീകരിച്ച 52 ദിവസ വേതന ജീവനക്കാർക്ക് 1210/ രൂപയുമാണ് നൽകുന്നത്.

# ജില്ലയിൽ 166 ഓണവിപണികളുമായി കൃഷി വകുപ്പ്

**കൊച്ചി:**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എറണാകുളം ജില്ലയിൽ വിപണി ഇടപെടൽ പദ്ധതി പ്രകാരം 166 ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു കൃഷിഭവനുകൾ മുഖേന 97, ഹോർട്ടികോർപ് 53, വിഎഫ്പിസികെ 16 ചന്തകളാണ് നടത്തുന്നത്.വിപണികളിൽ ആവശ്യമായ പരമാവധി പഴം, പച്ചക്കറി ഉത്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്നു. മറ്റുള്ളവ ഹോർട്ടികോർപ് ലഭ്യമാക്കും. പൊതു വിപണിയെക്കാൾ 10 ശതമാനം അധികം വില നൽകി കർഷകരിൽ നിന്നും ഉത്പന്നങ്ങൾ സംഭരിക്കുകയും പൊതു വിപണിയെക്കാൾ 30 ശതമാനം കുറഞ്ഞ വിലക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കും.

പ്രാദേശികമായി ലഭ്യമാകുന്ന പൊക്കാളി ഉത്പന്നങ്ങൾ പോലുള്ളവ വിപണികളിൽ ലഭ്യമായിരിക്കും. കൂടാതെ ഇക്കോഷോപ്പുകൾ, കൃഷിക്കൂട്ടങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങളും വിൽപ്പനയ്ക്കുണ്ടാകും . ജില്ലാതല കമ്മിറ്റി നിശ്ചയിച്ചു നൽകുന്ന വിലയിലായിരിക്കും സംഭരണവും വിതരണവും നടത്തുക. പരമാവധി ഗ്രീൻ പ്രോട്ടോകോൾ പാലിച്ചായിരിക്കും വിപണികളുടെ പ്രവർത്തനം.

# കളമശ്ശേരി വൈവിധ്യ കൃഷികളുടെ നാടായി മാറണം: സി രവീന്ദ്രനാഥ്




**കൊച്ചി:** വൈവിധ്യമുള്ള കൃഷികളുടെ നാടായി കളമശ്ശേരി മാറണമെന്ന് മുൻ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്. കൃഷിക്ക് ഒപ്പം കളമശേരിയുടെ ഭാഗമായി ടിവിഎസ് ജംഗ്ഷനിൽ നടക്കുന്ന കാർഷികോത്സവം 2023ൽ 'ഭക്ഷ്യ സുരക്ഷയും സുരക്ഷിത ഭക്ഷണവും'എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കളമശ്ശേരി മണ്ഡലം എം.എൽ.എയും വ്യവസായ വകുപ്പ് മന്ത്രിയുമായ പി രാജീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച കാർഷികോത്സവത്തിൽ പങ്കെടുക്കാനായതിൽ ഏറെ സന്തോഷവും അഭിമാനവും ഉ്. ഒരു ആവാസ വ്യവസ്ഥയിലെ എല്ലാ സസ്യജാലങ്ങളുടെയും ജീവജാലങ്ങളുടെയും സന്തുലിതമായ ആരോഗ്യം സുസ്ഥിരമായി നിലനിർത്തുന്നതിന് ആവശ്യമായ ഭക്ഷണ ലഭ്യതയാണ് സുരക്ഷിത ഭക്ഷണം എന്ന് പറയുന്നത്. മനുഷ്യന്റെ ഭക്ഷ്യ സുരക്ഷ മാത്രമല്ല, ലോകത്തിലെ എല്ലാ ജീവജാലങ്ങളുടെയും ഭക്ഷ്യ സുരക്ഷയാണ് പ്രകൃതിയുടെ നിലനിൽപ്പിനാധാരം. ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കണം. വൈവിധ്യമുള്ള കൃഷിയിൽ നിന്നാണ് സന്തുലിത ആരോഗ്യം നിലനിർത്താനാകൂ. വൈവിധ്യമുള്ള സംസ്കാരം സൃഷ്ടിക്കാൻ വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ ഉാകണം. സാമ്പത്തിക ലാഭം മുൻനിർത്തിയുള്ള കൃഷിയിൽ ഭക്ഷ്യസുരക്ഷയും സന്തുലിത ആരോഗ്യവും ഉാകില്ല. ഉത്പാദന പ്രക്രിയയിലെ അടിസ്ഥാന മേഖലയാണ് കൃഷി. പ്രകൃതിയിലേക്ക് അടുക്കുന്തോറും ആരോഗ്യസ്ഥിരത നിലനിൽക്കുമെന്നും കൃത്രിമമായി ഉാക്കിയ കീടനാശിനികൾ വിഘടിക്കാതെ മണ്ണിനെ നശിപ്പിക്കുന്നു. തുടർ പ്രവർത്തനങ്ങളിലൂടെ അവ മലിനീകരണത്തിന് വഴിവയ്ക്കുന്നുവെന്നും സി രവീന്ദ്രനാഥ് പറഞ്ഞു. നഗരസഭ ചെയർമാൻ എ.ഡി സുജിൽ അധിക്ഷത വഹിച്ച പരിപാടിയിൽ ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റ് ജനറൽ മാനേജർ എം.എസ് നാസർ വിഷയത്തിൽ പ്രഭാഷണം നടത്തി. കരുമാലൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.കെ സന്തോഷ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് ചെയർമാൻ ഷെരീഫ് മരയ്ക്കാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കളക്ടറേറ്റിൽ വടംവലി; ജില്ലാ കളക്ടറുടെ ടീമിന് ജയം



**കൊച്ചി:** ഓണാഘോഷങ്ങളുടെ ഭാഗമായി സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ കളക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കായി വടംവലി മത്സരം സംഘടിപ്പിച്ചു.തുടക്കം മുതൽ അവസാനം വരെ ആവേശം അലതല്ലിയ മത്സരത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിലുള്ള ടീം 'അസ്ത്രം' വിജയിച്ചു. അസ്ത്രം, ഖഡ്ഗം, ഗദ, ഉറുമി എന്നീ പേരുകളിൽ നാല് ടീമുകളായാണ് ഉദ്യോഗസ്ഥർ മാറ്റുരച്ചത്. ആദ്യ റൗണ്ടിൽ അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാരയുടെ നേതൃത്വത്തിലുള്ള ടീമായ 'ഉറുമി'യെ പരാജയപ്പെടുത്തിയാണ് കളക്ടറുടെ ടീം ഫൈനലിൽ എത്തിയത്. ഫൈനലിൽ കളക്ടറേറ്റിലെ ഡ്രൈവറായ സുനിൽ രാജിന്റെ നേതൃത്വത്തിലുള്ള ടീമായ 'ഖഡ്ഗത്തെ' മറികടന്നാണ് കളക്ടറുടെ ടീം വിജയം നേടിയത്.തന്നെ സംബന്ധിച്ചിടത്തോളം ഇത് വേറിട്ട അനുഭവമാണെന്ന് കളക്ടർ പറഞ്ഞു. വടംവലിയും തന്റെ ജോലിയും ഒരു പോലെ ടീം വർക്ക് ആവശ്യമുള്ളതാണ്. താഴെ തട്ടിൽ തുടങ്ങി മുകളിലെ തട്ടിലുള്ളവർ വരെ ഒരുമിച്ച് ഒരു മനസോടെ പ്രവർത്തിക്കുമ്പോഴെ ഒരു ഉദ്യമം വിജയിക്കുകയുള്ളൂ. ഓണവും ഒരുമയുടെ സന്ദേശം നൽകുന്ന ആഘോഷമാണ്. മത്സരത്തിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഔദ്യോഗികതയൊക്കെ മറന്ന് സഹപ്രവർത്തകർക്കും ജീവനക്കാർക്കുമൊപ്പം കളക്ടർ വടംവലിക്കാൻ ഇറങ്ങിയപ്പോൾ കാണികൾക്കും അത് കൗതുകമായി. പ്രൊഫഷണൽ വടംവലിക്കാരൊന്നുമല്ലെങ്കിലും തെല്ലും ആവേശം ചോരാതെയുള്ള പോരാട്ടമായിരുന്നു ഓരോ ടീമുകളും കാഴ്ചവെച്ചത്. വനിതാ ഉദ്യോഗസ്ഥരുൾപ്പെടെയാണ് ഓരോ ടീമുകളിലും അണിനിരന്നത്. അഡീഷ്ണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ ഡെപ്യൂട്ടി കളക്ടർമാരായ ബി.അനിൽ കുമാർ, വി.ഇ അബ്ബാസ്, കെ.ഉഷ ബിന്ദുമോൾ തുടങ്ങിയവർ മത്സര വേദിയിൽ ആവേശം പകരാനുണ്ടായിരുന്നു.

# വില പ്രദർശിപ്പിക്കണം; ഓണക്കാലത്ത് അമിത വില ഈടാക്കരുത്



**കൊച്ചി:** വ്യാപാര സ്ഥാപനങ്ങളിൽ നിർബന്ധമായും വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് ജില്ലാ കളക്ടർ എൻ.എസ്. കെ. ഉമേഷ് നിർദേശിച്ചു. വ്യാപാര സ്ഥാപനം നടത്തുന്നതിനാ വശ്യമായ ഭക്ഷ്യ സുരക്ഷാ ലൈസൻസ്, തദ്ദേശ സ്ഥാപനങ്ങളുടെ ലൈസൻസ് എന്നിവയും നിർബന്ധമായും കടയിലുണ്ടായിരിക്കണം. ഓണത്തോടനുബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസറുടെയും വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികളുടെയും നേതൃത്വത്തിൽ ചേംബറിൽ ചേർന്ന യോഗത്തിലാണ് കളക്ടറുടെ നിർദേശം. ഓണക്കാലത്ത് അമിതവില ഈടാക്കുന്ന നടപടി വ്യാപാരികളുടെ ഭാഗത്തു നിന്നുണ്ടാകരുതെന്ന് കളക്ടർ പറഞ്ഞു. നേരത്തേ സംയുക്ത സ്‌ക്വാഡിന്റെ നേതൃത്വത്തിൽ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ ലൈസൻസില്ലാത്തതും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതുമായ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. കൂടാതെ ഓണക്കാലത്ത് സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതായും കാണാറുണ്ട്. ഈ സാഹചര്യത്തിലാണ് പ്രത്യേക യോഗം ചേർന്നത്. ഇത്തരം നടപടികൾ തുടരുന്ന വ്യാപാര സ്ഥാപനങ്ങൾ ക്കെതിരേ നിയമപരമായ നടപടി സ്വീകരിക്കും.കളക്ടറുടെ നിർദേശം അംഗീകരിക്കുന്നതായി വ്യാപാരി സംഘടനാ പ്രതിനിധികൾ അറിയിച്ചു. ജില്ലാ കളക്ടറുടെ നിർദേശം പാലിക്കുന്നതിന് എല്ലാ വ്യാപാരികൾക്കും നിർദേശം നൽകുമെന്ന് പ്രതിനിധികൾ പറഞ്ഞു.

ഗോതമ്പിന്റെ സ്റ്റോക്ക് മോണിറ്റർ ചെയ്യുന്നതിനായി ഭക്ഷ്യ വിതരണ വകുപ്പിന്റെ http://evegoils.nic.in/wsp/login എന്ന ലിങ്കിൽ ലഭ്യമായിട്ടുള്ള ഗോതമ്പ് സ്റ്റോക്ക് മോണിറ്ററിങ് പോർട്ടലിൽ എല്ലാ മൊത്ത / ചില്ലറ വ്യാപാരികൾ / മില്ലുടമകൾ എന്നിവർ രെജിസ്റ്റർ ചെയ്യണമെന്നും എല്ലാ വെള്ളിയാഴ്ചകളിലും ഗോതമ്പിന്റെ സ്റ്റോക്ക് വിവരങ്ങൾ പോർട്ടലിൽ ചേർക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികളായ അബ്ദുൽ റസാക്ക്, പോൾ ജെ മമ്പിള്ളി, എ. ആർ. ദയാനന്ദൻ, മർച്ചന്റ് അസോസിയേഷൻ ഭാരവാഹി വി.എസ്. രാജേഷ്, കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികളായ കെ. ടി. റഹീം, അബ്ദുൽ സമദ്, കെ. റായീസ്, ജില്ലാ സപ്ലൈ ഓഫീസർ ടി. സഹീർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു

# അപൂർവ ശസ്ത്രക്രിയയുമായി എറണാകുളം ജനറൽ ആശുപത്രി



**കൊച്ചി:** അപൂർവ മായ ഇ.എൻ.ടി ശസ്ത്രക്രിയയിലൂടെ എറണാകുളം ജനറൽ ആശുപത്രി വീണ്ടും ശ്രദ്ധ നേടി. കഴിഞ്ഞ ദിവസം എൻഡോസ്കോപ്പിക് സിഎസ്.എഫ് റൈനോറിയ റിപ്പയർ എന്ന ശസ്ത്രക്രിയയാണ് ജനറൽ ആശുപത്രിയിൽ നടത്തിയത്. ഇത്തരത്തിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച ആതുരാലയങ്ങളിൽ ഒന്നായ എറണാകുളം ജനറൽ ആശുപത്രി വികസനത്തിന്റെ കൂടുതൽ പടവുകൾ കയറുകയാണ്.വളരെ അപൂർവമായി മാത്രം കാണപ്പെടുന്ന സർജിക്കൽ അവസ്ഥ യാണ് സിഎസ്എഫ് റൈനോറിയ. തലച്ചോറിനുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെട്ട് തലച്ചോറിലും സുഷുമ്നാനാഡിയിലൂടെയും ഒഴുകുന്ന ഒരു ദ്രാവകമാണ് സെറിബ്രോസ്പൈനൽ ഫ് ളൂയിഡ് (സിഎസ്എഫ്).ഈ ദ്രാവകം മൂക്കിലേക്ക് തലച്ചോറിൽ നിന്നും അസ്ഥിയുടെ തകരാറു മൂലം ഒഴുകുന്ന അവസ്ഥയാണ് റൈനോറിയ . തലച്ചോറിനകത്തു നിന്നുള്ള ദ്രാവകം മൂക്കിലൂടെ സ്ഥിരമായി ഒഴുകിവരുന്നത് അതിഗുരുതരമായ അണുബാധക്കും മെനിഞ്ചൈറ്റിസിനും കാരണമാവുന്നു. ഇതിന്റെ മൂലകാരണമായ തലയോട്ടിയിലെ സുഷിരം അടച്ചു സംരക്ഷിക്കുക എന്നതാണു എൻഡോസ്കോപ്പിക് സിഎസ്.എഫ് റൈനോറിയ റിപ്പയർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. തുടയിൽ നിന്നും എടുക്കുന്ന ഫേഷ്യ ലാറ്റ എന്ന സ്തരവും തുടയിൽ നിന്ന് തന്നെ എടുക്കുന്ന ഫാറ്റിന്റെ ആവരണവും ഉപയോഗിച്ചാണ് സ്കൾ ബേസിലെ (തലയോട്ടി) സുഷിരങ്ങൾ അടക്കുന്നത്.വടക്കൻ പറവൂരിൽ നിന്നുള്ള 44 വയസ്സുകാരിയിലാണ് ശസ്ത്രക്രിയ വിജയകരമായി ചെയ്തത്. ഇ.എൻ.ടി സർജന്മാരായ ഡോ .ലക്ഷ്മി വെങ്കിട്ടരാമൻ ,ഡോ സോനാ അശോകൻ ,ഡോ അനിൽകുമാർ ,ന്യൂറോ സർജൻ ഡോ വിനീത്,കൺസൽറ്റന്റ് അനെസ്തേസ്റ്റിറ്റായ ഡോ മധു വി ,അനെസ്തേസ്റ്റുമാരായ ഡോ എലിസബത്ത് ,ഡോ ഫാസിൽ ,നേഴ്സിങ് ഓഫീസർമാരായ ശ്യാമള ,നിഷ, നൈസി എന്നിവരുടെ ടീം ആണ് നേതൃത്വം നൽകിയത് . ട്രോമാ കാരണവും പ്രത്യേകിച്ച് കാരണം ഇല്ലാതെയും ഈ രോഗാവസ്ഥ കണ്ടു വരുന്നു .സാധാരണയായി രണ്ടു മുതൽ രണ്ടര ലക്ഷം രൂപ വരെ ചെലവ് വരുന്ന ഈ സർജറി സൗജന്യമായാണ് ഈ ആശുപത്രിയിൽ ചെയ്തത് .വ്യത്യസ്തവും അപൂർവവുമായ ഈ സർജറിക്ക് നേതൃത്വം നൽകിയ മുഴുവൻ ജീവനക്കാരെയും ആശുപത്രി സൂപ്രണ്ട് ഡോ ഷാഹിർഷാ അഭിനന്ദിച്ചു

## ഓട്ടിസം കുട്ടികൾക്കായി പെരുമ്പാവൂരിൽ സെൻസറി പാർക്ക്




**പെരുമ്പാവൂർ:** ഓട്ടിസം ബാധിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി കേരളത്തിൽ ആദ്യമായി പെരുമ്പാവൂരിലെ പുല്ലുവഴിയിൽ ആരംഭിക്കുന്ന സെൻസറി പാർക്ക് ഉദ്ഘാടനം ചെയ്തു. റോട്ടറി അസിസ്റ്റന്റ് ഗവർണർ ശ്വേതാ വാസുദേവൻ,സിഇഎഫ്ഇഇ(ഇഌഎഌഌ) ചെയർപേഴ്സൺ ഡോ.മേരി അനിത എന്നിവരുടെ സാന്നിധ്യത്തിൽ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ പാർക്കിന്റെ ഉദ്ഘടനം നിർവ്വഹച്ചു. റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സ് പ്രസിഡന്റ് ഡോ.ഫെസ്സി ലൂയിസ് പാർക്ക് സിഇഎഫ്ഇഇ(ഇഌഎഌഌ) യ്ക്ക് കൈമാറി. കെ എം അബ്ദുള്ള, ബിനു ജോൺ, സുധിൻ വിലങ്ങാടൻ, ഡോ അരുൺ ഉമ്മൻ, വിജു എബ്രഹാം, ഡിവൈഎസ്പി രമേഷ് എന്നിവർ സംസാരിച്ചു. എഎൽഎസ് എഞ്ചിനീയറിംഗ് കോളേജ് ട്രസ്റ്റ്, സിഇഎഫ്ഇഇ(ഇഌഎഌഌ) എന്നിവരുടെ പിന്തുണയോടെ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സാണ് പദ്ധതി നടപ്പിലാക്കിയത്.

## മഹാരാജാസ് കോളേജിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം മഹാരാജാസ് ഒട്ടോണോമസ് കോളേജിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലെ ഒരു ഒഴിവിലേക്ക് താത്കാലികമായി ഉദ്യോഗാർഥിയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അർഹനായ ഉദ്യോഗാർഥിക്കായി സെപ്റ്റംബർ 4 ന് ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ അന്ന് ഉച്ചയ്ക്ക് 1.30 അസൽ സർട്ടിഫിക്കറ്റുകളുമായി കോളേജിൽ അഭിമുഖത്തിനു ഹാജരാകണം. യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദം / കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ടെക്നിക്കൽ കോഴ്സുകൾ ഉള്ളവർക്ക് മുൻഗണന. സർക്കാർ മേഖലയിൽ ബിരുദം / കമ്പ്യൂട്ടർ സയൻസിൽ ബി ടെക് ബിരുദം. സോഫ്റ്റ് വെയർ , ഹാർഡ് വെയർ ഒരു വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം.

## കെ ടെറ്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

**കൊച്ചി:** എറണാകുളം വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന വിവിധ പരീക്ഷ കേന്ദ്രങ്ങളിൽ മാർച്ച് 2023 ലെ കെ.ടെറ്റ് പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന സെപ്റ്റംബർ 1ന് (കാറ്റഗറി 1,2) 2ന് (കാറ്റഗറി 4,5) എന്നീ തീയതികളിൽ എറണാകുളം സെൻറ് തെരാസസ് കോൺവെൻറ് ഗേൾസ് ഹയർ സെക്കൻററി സ്കൂൾ ഓഡിറ്റോറിയത്തിൽ രാവിലെ 10.30 മുതൽ വൈകിട്ട് 4 വരെ നടത്തും. അർഹരായ ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, ഡി .എഡ്/ബിഎഡ്) എന്നീ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, ജാതി/പിഎച്ച് എന്നീ ആനുകൂല്യം പ്രയോജനപ്പെടുത്തിയവർ അത് തെളിയിക്കുന്ന രേഖകളും ഹാൾടിക്കറ്റ് ഉൾപ്പെടെ പരിശോധനയ്ക്കായി ഹാജരാകണം. മുൻ വർഷങ്ങളിൽ പരീക്ഷ എഴുതി വിജയിച്ച് വെരിഫിക്കേഷൻ നടത്താൻ അവശേഷിക്കുന്നവരും ഈ ദിവസങ്ങളിൽ വെരിഫിക്കേഷനു ഹാജരാകണം.

## താത്കാലിക നിയമനം അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**എറണാകുളം തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ വിവിധ തസ്തികകളിലേക്ക് താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ/സമയക്രമം കോളേജ വെബ്സൈറ്റിൽ ലഭ്യമാണ്.

# ഓണസദ്യ ഒരുക്കി ഫിലിപ്സ് ഹോം അപ്ലൈയൻസസ്

**കൊച്ചി:** ഓണത്തിന്റെ യഥാർത്ഥ ആവേശത്തെ പോഷിപ്പിച്ചുകൊണ്ട് ഫിലിപ്സ് ഹോം അപ്ലയൻസസ് കേരളത്തിലെ ജനങ്ങൾക്കായി 'ഗ്രാൻഡ് സദ്യ ഫീസ്റ്റ്സ്' സംഘടിപ്പിക്കുന്നു. സന്തോഷവും പാരമ്പര്യവും കൂട്ടായ്മയും ശക്തിപ്പെടുത്താനായി കൊച്ചിയിലും തിരുവനന്തപുരത്തും കോഴിക്കോട്ടും ഈ ഓണസദ്യ സംഘടിപ്പിക്കും. അതുവഴി അനാഥരായവർ ഉൾപ്പെടെയുള്ള കുറച്ച് പ്രദേശവാസികൾക്ക് ഓണം ഒരുമിച്ച് ആഘോഷിക്കാനാവുമെന്ന് ഉറപ്പാക്കുന്നു. ഒരു സാമൂഹികമായ ആഘോഷമാക്കി മാറ്റുന്നതിനായി, ഫിലിപ്സ് ബ്രാൻഡിന്റെ ഉപഭോക്താക്കൾ പർച്ചേസ് ചെയ്യുന്ന തുകയുടെ ഒരു ഭാഗം സദ്യക്കായി മാറ്റിവെച്ച് അവരെയും ആഘോഷങ്ങളുടെ ഭാഗമാക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.വിഭവ സമൃദ്ധിക്കും സാംസ്കാരികമായ പ്രാധാന്യത്തിനും പ്രശസ്തമായ ഓണസദ്യയ്ക്ക് കേരളീയരുടെ മനസ്സിൽ ഒരു പ്രത്യേക സ്ഥാനമുണ്ട്. എന്നിരുന്നാലും, എല്ലാവർക്കും അതിന്റെ ആഹ്ലാദം അനുഭവിക്കാൻ അവസരമില്ല. ഈ സംരംഭത്തിലൂടെ, ഫിലിപ്സ് ഹോം അപ്ലയൻസസ് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിന്റെയും പാരമ്പര്യങ്ങൾ ആസ്വദിക്കുന്നതിന്റെയും സന്തോഷം, പ്രത്യേകിച്ച് അധികമൊന്നും സദ്യ ആസ്വദിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്തവരിലേക്ക് അത് എത്തിക്കുന്നതിലൂടെ, ഉൾക്കൊള്ളലിന്റെ അർത്ഥപൂർണമായ മുന്നേറ്റം നടത്തുകയാണ്. ഈ പരസ്പരം സഹകരിച്ചുള്ള ദൗത്യത്തിൽ ഞങ്ങളോടൊപ്പം കൈകോർത്ത ചാനൽ പങ്കാളികൾ, വിതരണക്കാർ, പ്രധാന റീട്ടെയിലർമാർ, ഏറ്റവും പ്രധാനമായി ഞങ്ങളുടെ പ്രിയപ്പെട്ട ഉപഭോക്താക്കൾ എന്നിവർ ഉൾപ്പെടെയുള്ള ഞങ്ങളുടെ സമർപ്പിതമായ നെറ്റ്വർക്കിന്റെ വിലമതിക്കാനാവാത്ത പിന്തുണയില്ലാതെ ഈ ശ്രമം സാധ്യമാവുകയില്ല. സമൂഹത്തെ കൂടുതൽ ഉൾപ്പെടുത്തുന്നതിന്, ജൂലൈ മുതൽ ഓഗസ്റ്റ് 25 വരെയുള്ള എല്ലാ ഉപഭോക്തൃ പർച്ചേസുകളുടെയും ഒരു ശതമാനം ഫിലിപ്സ് ഗ്രാൻഡ് സദ്യക്കായി നീക്കിവച്ചിരിക്കുന്നു. ഈ പരിപാടി മുഴുവൻ സമൂഹവുമായും ഇടപഴകാനും അവരെ ഈ ഒത്തുചേരലിന്റെ ആഘോഷത്തിൽ സജീവ പങ്കാളികളാക്കാനും ലക്ഷ്യമിടുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## തിരുവോണ നാളിൽ സദ്യയുമായി ഹയാത്ത് റീജൻസി

**തിരുവനന്തപുരം:** തിരുവോണ നാളിൽ സ്വാദിഷ്ഠമായ 27 വിഭവങ്ങളുമായി ഓണസദ്യയൊരുക്കാൻ ഹയാത്ത് റീജൻസി തിരുവനന്തപുരം. ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെയും 1.45 മുതൽ 2.45 വരെയുമായി ര് ബാച്ചുകളിലായാണ് ഹയാത്തിലെ റോയൽ ബോൾറൂം ഹാളിൽ ഷെഫ് ക്യൂറേറ്റഡ് സദ്യ വിളമ്പുക. സദ്യയോടൊപ്പം ചെണ്ടമേളം, പുലികളി, തിരുവാതിര, ഓണപ്പാട്ട് തുടങ്ങിയ വിവിധ ഓണ പരിപാടികളും അതിഥികൾക്കായി ഹോട്ടൽ സംഘടിപ്പിക്കുന്നു. കുട്ടികൾക്കായി മ്യൂസിക്കൽ ചെയർ, സാക്ക് റേസ് തുടങ്ങിയ ആകർഷകമായ മത്സരങ്ങളും ഹയാത്തിലെ തന്നെ ക്രിസ്റ്റൽ ബോൾറൂമിൽ നടത്തും. നാടൻ പലഹാരങ്ങൾ ഉൾപ്പെടുന്ന ഓണം സ്പെഷ്യൽ ഹാംപറും ഹയാത്ത് റീജൻസി ഓണാഘോഷങ്ങളുടെ ഭാഗമായി ഒരുക്കുന്നു. ഇത് തിരുവോണനാളിൽ ഹയാത്തിലെ ഓൾ തിങ്സ് ബേക്ക്ഡിൽ നിന്നും ഉപഭോക്താക്കൾക്ക് സ്വന്തമാക്കാവുന്നതാണ്.

## മീഷോ പത്തു ദശലക്ഷം വിൽപനക്കാരെ ഡിജിറ്റൽവൽക്കരിക്കും

**കൊച്ചി:** ഇകോമേഴ്സ് വിപണിയായ മീഷോ 2027 ഓടെ പത്തു ദശലക്ഷം ചെറുകിട ബിസിനസുകളെ തങ്ങളുടെ സംവിധാനത്തിൽ എത്തിക്കുകയും ഡിജിറ്റൽവൽക്കരിക്കുകയും ചെയ്യുമെന്ന് മീഷോ സിഇഒയും സ്ഥാപകനുമായ വിദിത് ആത്രേയ് പറഞ്ഞു.മീഷോയിലെ വിൽപനക്കാരുടെ എണ്ണം ഇപ്പോഴുള്ള 1.3 ദശലക്ഷത്തിൽ നിന്ന് പത്തു മടങ്ങു വർധിപ്പിക്കുന്നതാകും ഈ നീക്കം. ഇതോടൊപ്പം 40 ലക്ഷം രൂപയ്ക്കു താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട, ഇടത്തരം, പ്രാദേശിക സംരംഭങ്ങൾക്ക് പുതിയ അവസരങ്ങളും തുറന്നു നൽകും. 40 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ബിസിനസുകൾക്ക് ഓൺലൈൻ വിൽപനയ്ക്ക് നിർബന്ധിത ജിഎസ്ടി ആവശ്യമില്ലെന്ന സർക്കാരിന്റെ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് ഈ നീക്കം. റെഡ്സ്റ്റാറിന്റെ അടുത്തിടെയുള്ള റിപോർട്ട് പ്രകാരം ഇന്ത്യയിൽ 85 ദശലക്ഷം ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളുണ്ടെങ്കിലും വെറും 1.5 ദശലക്ഷം പേർ മാത്രമേ ഓൺലൈനിൽ പ്രവർത്തിക്കുന്നുള്ളു. ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ലളിതമായ ഓൺലൈൻ സാന്നിധ്യം സാധ്യമാക്കുന്ന രീതിയിൽ ജിഎസ്ടി മേഖലയിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ പ്രയോജനപ്പെടുത്താനും അവർക്ക് അവസരങ്ങൾ ലഭ്യമാക്കാനുമാണ് മീഷോ ശ്രമിക്കുന്നത്. ഇന്റർനെറ്റ് കോമേഴ്സിനെ ജനാധിപത്യവൽക്കരിക്കാനുള്ള തങ്ങളുടെ തുടർന്നു വരുന്ന ശ്രമങ്ങളുടെ ഭാഗമാണ് പത്തു ദശലക്ഷം വിൽപനക്കാരെ തങ്ങളുടെ സംവിധാനത്തിലേക്ക് 2027ഓടെ എത്തിക്കാനുള്ള നീക്കമെന്നും വിദിത് ആത്രേയ് പറഞ്ഞു.

## ഡിഒഎംഎസ് ഇഡസ്ട്രീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യൻ സ്റ്റേഷനറി, ആർട്ട് ഉത്പന്ന വിപണിയിൽ മുൻനിരക്കാരായ ഡിഒഎംഎസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.ഐപിഒയിലൂടെ 1200 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 350 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 850 കോടി രൂപയുടെ ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ബിഎൻപി പാരിബാസ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## കാർഷികോത്സവം: ശ്രദ്ധനേടി ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ കലാപരിപാടികൾ




**കൊച്ചി:** കളമശ്ശേരി കാർഷികോത്സവം 2023ൽ ശ്രദ്ധനേടി ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ കലാപരിപാടികൾ. ബഡ്സ് സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ചലഞ്ചിഡ് ഏലൂർ സ്കൂളിലെ ഒൻപത് വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളാണ് സന്ദർശകരുടെ ശ്രദ്ധയാകർഷിച്ചത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ അസാമാന്യ കഴിവുകൾ കണ്ണിമചിമ്മാതെയാണ് കാണികൾ ആസ്വദിച്ചത്. പ്രദർശന വിപണന മേളയിലെ സ്റ്റാൾ ഉടമകൾ വിദ്യാർത്ഥികൾക്ക് സ്നേഹോപഹാരങ്ങൾ നൽകി.കാർഷികോത്സവം നാലാം ദിവസത്തിലെ സാംസ്കാരിക സംഗമം നടൻ കൈലാഷ് ഉദ്ഘാടനം ചെയ്തു. കാർഷികോത്സവം ഒരു ഓർമ്മപ്പെടുത്തലാണ്. ചിങ്ങമാസം വിളവെടുപ്പിന്റെയും സമ്പത്തിന്റെയും കാലമാണെന്നാണ് സങ്കല്പം. ചിങ്ങ മാസത്തിൽ കാർഷിക കൂട്ടായ്മയുടെ ആഘോഷത്തിൽ പങ്കെടുക്കാനായതിൽ ഏറെ സന്തോഷമുണ്ടെന്നും മലയാളത്തിലെ മഹാനടൻ മമ്മൂട്ടിയുടെ സാന്നിധ്യത്തോടെ തുടക്കം കുറിച്ച പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഏറെ അഭിമാനമുണ്ടെന്നും നടൻ കൈലാഷ് പറഞ്ഞു.കാർഷികോത്സവത്തിൽ പങ്കെടുക്കുന്ന സ്റ്റാളുകളിലെ ഉത്പന്നങ്ങൾ നടൻ കൈലാഷിനു സമ്മാനിച്ചു. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതി കോ ഓർഡിനേറ്റർ എം.പി വിജയൻ, കൺവീനർ വി.എം ശശി, ഏലൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഇ.കെ സേതു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ബ്രാൻഡൻ ഹാൾ ഗ്ലോബൽ എച്ച്സിഎം അവാർഡ് സീ എന്റർടൈൻമെന്റിന്

**കൊച്ചി:** 2023ലെ ബ്രാൻഡൻ ഹാൾ ഗ്ലോബൽ എച്ച്സിഎം (ഹ്യൂമൻ ക്യാപിറ്റൽ മാനേജ്മെന്റ്) അവാർഡ് കണ്ടൻറ് കമ്പനിയായ സീ എൻറർടൈൻമെൻറ് എന്റർപ്രൈസസ് ലിമിറ്റഡിന്. നാല് ഗോൾഡ് അവാർഡും ഒരു സിൽവർ അവാർഡുമാണ് സീ ഇത്തവണ കരസ്ഥമാക്കിയിരിക്കുന്നത്. ബെസ്റ്റ് പ്രോഗ്രാം ഫോർ അപ്സ്കില്ലിംഗ് എംപ്ലോയീസ്, ബെസ്റ്റ് അപ്രോച്ച് ടു ഇംപ്ലിമെൻറിംഗ് എ ലേണിംഗ് എക്സ്പീരിയൻസ് പ്ലാറ്റ്ഫോം, ബെസ്റ്റ് ഡെവലപ്മെൻറ് പ്രോഗ്രാം ഫോർ ഫ്രൻറ്ലൈൻ ലീഡേഴ്സ്, ബെസ്റ്റ് അഡ്വാൻസ് ഇൻ എംപ്ലോയീസ് റെഗഗ്നീഷൻ എന്നീ കാറ്റഗറികളിൽ ഗോൾഡും ബെസ്റ്റ് അഡ്വാൻസ് ഇൻ ക്രിയേറ്റിംഗ് എ ലേണിംഗ് സ്ട്രാറ്റജി എന്ന കാറ്റഗറിയിൽ സിൽവറുമാണ് നേടിയിരിക്കുന്നത്.ഹ്യൂമൻ കാപ്പിറ്റൽ മാനേജ്മെൻറ് പ്രോഗ്രാമുകൾക്കാണ് ബ്രാൻഡൻ ഹാൾ ഗ്രൂപ്പ് അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. ടാലൻറ് മാനേജ്മെൻറ് സംരംഭകത്വത്തിലും അതിലൂടെ മികച്ച പ്രവർത്തനങ്ങൾ വളർച്ചയ്ക്കും വഴിതെളിച്ചതിനാണ് സീ അവാർഡിന് അർഹമായത്.ബ്രാൻഡൻ ഹാൾ ഗ്രൂപ്പിൽ നിന്നുള്ള ഈ അംഗീകാരം തങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വമാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് സീ എച്ച്ആർ ആൻഡ് ട്രാൻസ്ഫർമേഷൻ പ്രസിഡൻറ് അനിമേഷ് കുമാർ വ്യക്തമാക്കി. സീ തങ്ങളുടെ പ്രവർത്തന മികവിൽ എപ്പോഴും സ്ഥിരത പാലിക്കാറുണ്ടെന്നും ജീവനക്കാരെ പുതിയ സാങ്കേതിക വിദ്യയുമായി കോർത്തിണക്കി മുന്നോട്ടു പോകുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നും അനിമേഷ് കുമാർ ചൂണ്ടിക്കാട്ടി.

# ഓണസമ്മാനങ്ങളുമായി ലുലു കൊച്ചി

**കൊച്ചി :** ഇത്തവണത്തെ ഓണാഘോഷങ്ങൾക്ക് ഇരട്ടി മധുരം നൽകി ഇടപ്പള്ളി ലുലുവിൽ 'സൗഭാഗ്യോത്സവം ഓണ സമ്മാനസദ്യ' . ലുലു കണക്ട്, ലുലു ഫാഷൻ സ്റ്റോർ, ലുലു ഹൈപ്പർമാർക്കറ്റ് എന്നിവടങ്ങളിലായി വമ്പൻ ഓഫറും സമ്മാനങ്ങളുമാണ് സൗഭാഗ്യോത്സവത്തിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഫാഷൻ ഉൽപ്പന്നങ്ങൾ എന്നിവ സ്വന്തമാക്കാൻ ഏറ്റവും മികച്ച ഓഫറാണ് ഇത്തവണത്തേത്. ' സൗഭാഗ്യോത്സവം സമ്മാനസദ്യ' യുടെ ഭാഗമായി ദിവസവും 26 ഇനം സമ്മാനങ്ങളാൽ സമ്പന്നമായ ഒരു ഗ്രാൻഡ് സമ്മാനസദ്യ തന്നെയാണ് തയാറാക്കിയിരിക്കുന്നത്. ഫാഷൻ, ഇലക്ട്രോണിക്സ്, വീട്ടുപകരണങ്ങൾ, ഗ്രോസറി തുടങ്ങിയവ വമ്പൻ കിഴിവിൽ സ്വന്തമാക്കാം, ഇതിന് പുറമേ ആകർഷകമായ സമ്മാനങ്ങൾ ലഭിക്കാനുള്ള അവസരവുമുണ്ടെന്നും ലുലു ഗ്രൂപ്പ് അധികൃതർ വ്യക്തമാക്കി.ലാപടോപ്പ്, മൊബൈൽ അടക്കം ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളും ഗ്രഹോപകരണങ്ങൾക്കും ഫാഷൻ തുണിത്തരങ്ങൾക്കും മികച്ച വിലക്കിഴിവും ഓഫറുകളുമാണുള്ളത്. വാഷിങ്ങ് മെഷീൻ, ഫ്രിഡ്ജ്, എസി തുടങ്ങിയവയ്ക്ക് 45 ശതമാനം വരെ ഡിസ്കൗണ്ട്. മിക്സി, ഗ്യാസ് സ്റ്റൗവ് എന്നിവയ്ക്ക് 64 ശതമാനം വരെ ഓഫർ. എൽ ഇഡി ടിവികൾക്ക് 62 ശതമാനം വരെ കിഴിവ്. സോണി, സാംസങ്ങ്, ഫിലിപ്പിസ്, ഒനിഡ. ഇംപെക്സ്, വിയു ബ്രാൻഡുകൾക്കെല്ലാം ഓഫറുണ്ട്. മോട്ടോറോള, വൺ പ്ലസ്, ഒപ്പോ, വിവോ, റിയൽമീ തുടങ്ങിയ മൊബൈൽ ബ്രാൻഡുകൾക്ക് മികച്ച ക്യാഷ് ബാക്ക് ഓഫറും ഗിഫ്റ്റുമുണ്ട്. ബോട്ട്, നോയ്സ്, ഡിസോ തുടങ്ങിയ ബ്രാൻഡുകളുടെ സ്മാർട്ട് വാച്ചുകൾക്കും ബ്ലൂടൂത്ത് ഹെഡ്സെറ്റുകൾക്കും 79 ശതമാനം വരെ കിഴിവുണ്ട്. ഒരു രൂപ ഡൗൺ പേയ്മെന്റിൽ ആപ്പിൾ ഉൽപന്നങ്ങൾ സ്വന്തമാക്കാനും അവസരമുണ്ട്. മാക്ക്ബുക്ക്, അസ്യൂസ്, എച്ച്പി, ഡെൽ, ഏസർ, ലെനോവോ, എംഎസ്ഐ ബ്രാൻഡുകളുടെ ലാപ്ടോപ്പുകൾക്ക് പ്രത്യേകം ക്യാഷ് ബാക്ക് ഓഫറാണ് ഒരുക്കിയിരിക്കുന്നത്. ഫാഷൻ ഉത്പന്നങ്ങൾക്കും തുണിത്തരങ്ങൾക്കും മികച്ച വിലക്കിഴിവും ഓഫറുകളുമാണുള്ളതെന്നും ലുലു ഗ്രൂപ്പ് അധികൃതർ പറഞ്ഞു.വീട്ടുപകരണങ്ങൾ,ബെഡ്ഷീറ്റ്, മാറ്റ്, തലയണ, ലാപ്ടോപ്പ് ബാഗ്, ട്രോളി ബാഗുകൾ, പാദരക്ഷകൾക്ക് അടക്കം 74 ശതമാനം വരെ ഇളവുണ്ട്. പ്രഷർ കുക്കർ, നോൺസ്റ്റിക് പാത്രങ്ങൾ, കാസറോൾ, ഡൈനിങ്ങ് സെറ്റ് പാത്രങ്ങൾ തുടങ്ങിയവയ്ക്ക് 69 ശതമാനം വരെ ഓഫർ ലഭ്യമാണ്. കൂടാതെ ഗ്രോസറി ഉൽപന്നങ്ങൾക്ക് 30 ശതമാനം മുതൽ 50 ശതമാനം വരെ ഓഫറുണ്ട്.സ്വർണ്ണ നാണയങ്ങൾ, മൊബൈൽ ഫോണുകൾ, എൽഇഡി ടിവികൾ അടക്കം വമ്പൻ സമ്മാനങ്ങളാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ബമ്പർ പ്രൈസ് ആയി 15 മാരുതി സുസുക്കി സ്വിഫ്റ്റ് കാറുകളും, 15 ഒഡീസി ഇലക്ട്രിക്ക് സ്കൂട്ടറുകളുമുണ്ട്. ലുലു കണക്ടിലും ലുലു ഫാഷൻ സ്റ്റോറിലും ഏറ്റവും വിപുലമായ ഡിസ്കൗണ്ടാണ് ലഭ്യമാക്കിയിരിക്കുന്നത്. ഈ മാസം 31 വരെയാണ് ഈ ഓഫർ.

# ഓണം ഓഫറുകളുമായി യമഹ



**കൊച്ചി:** ഓണാഘോഷങ്ങളുടെ ഭാഗമായി കോൾ ഓഫ് ദി ബ്ലൂ ബ്രാൻഡ് കാമ്പെയ്ന് കീഴിൽ പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ച് ഇന്ത്യ യമഹ മോട്ടോഴ്സ്. 150 സിസി എഫ്സെഡ് മോഡൽ ശ്രേണിയിലും 125 എഫ്ഐ ഹൈബ്രിഡ് സ്കൂട്ടർ മോഡലുകളിലും ക്യാഷ്ബാക്കും ഫിനാൻസ് ഓഫറുകളും 2023 ഓഗസ്റ്റ് 31 വരെ ലഭ്യമാകും. 3,000 രൂപ ഇൻസ്റ്റന്റ് ക്യാഷ്ബാക്ക്,2,999 രൂപ മുതൽ ഡൗൺ പേമെന്റ്,ഡൗൺ പേമെന്റ് ഇല്ലാതെയും ഫിനാൻസ് സ്കീമുകൾ ലഭിക്കുമെന്ന് യമഹ അധികൃതർ പറഞ്ഞു.യമഹയുടെ ഏറ്റവും പുതിയ വാഹന നിരയിൽ വൈസെഡ്എഫ്ആർ15 വി4 (155സിസി), വൈസെഡ്എഫ്ആർ15എസ് വി3 (155സിസി), എംടി15 വി2 (155സിസി); വൈസെഡ്എഫ് എശ 4.0 പതിപ്പ് (149സിസി), വൈസെഡ്എസ്എശ 3.0 പതിപ്പ് (149സിസി), എഫ്സെഡ്എശ 3.0 പതിപ്പ് (149സിസി), എഫ്സെഡ്എക്സ്(149സിസി) എന്നിവയും സ്കൂട്ടറുകളിൽ എയ്റോക്സ് 155 (155സിസി), ഫാഷിനോ 125 എക ഹൈബ്രിഡ് (125സിസി), റേ സെഡ്ആർ 125 എക ഹൈബ്രിഡ് (125സിസി), റേ സെഡ്ആർ സ്ട്രീറ്റ് റാലി 125 എക ഹൈബ്രിഡ് (125സിസി) എന്നിവയുമാണുള്ളത്.

# വമ്പൻ പൂക്കളമൊരുക്കി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്



**കൊച്ചി:**ഓണാഘോഷത്തിന്റെ ഭാഗമായി വമ്പൻ പൂക്കളമൊരുക്കി റെക്കോർഡ് സൃഷ്ടിച്ച് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്. കേരളത്തിന്റെ പരമ്പരാഗത കലാരൂപമായ പൂക്കളം 1500 ചതുരശ്ര അടിയിൽ അധികം വലുപ്പത്തിലൊരുക്കിയാണ് വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ലോകത്തിലെ ഏറ്റവും വലിയ പൂക്കളം എന്ന നേട്ടം കൈവരിച്ചത്.ഏകദേശം 1000 കി.ഗ്രാം (1 ടൺ) പൂക്കളാണ പൂക്കളം നിർമ്മിക്കാൻ ഉപയോഗിച്ചത്. കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും പ്രകൃതി സൗന്ദര്യവുംഉയർത്തിക്കാട്ടുകയും, ആകർഷകമായ പൂക്കളും അതിശയകരമായ ഡിസൈനുകളുംസങ്കീർണ്ണമായ വിധം ക്രമീകരിച്ച് കാഴ്ചക്കാരനെ വിസ്മയിപ്പിക്കുകയും ചെയ്യുകഎന്നതായിരുന്നു ലക്ഷ്യം.˝ വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ നിന്നുള്ള ഔദ്യോഗിക പ്രതിനിധികൾ പരിശോധന നടത്തി സർട്ടിഫിക്കറ്റ് സമ്മാനിച്ചു.ഇത്രയും വലുപ്പത്തിൽ കേരളത്തിന്റെ ഭൂപടം ചിത്രീകരിക്കുന്ന ഒരു പൂക്കളംസൃഷ്ടിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് നേട്ടം കൈവരിച്ചതിലുള്ള സന്തോഷം പങ്കുവെച്ച് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുമായ ഇട്ടിര ഡേവിസ് പറഞ്ഞു.

# പുതിയ ഹവാനാസ് സൺഗ്ലാസ്സുകൾ പുറത്തിറക്കി വോഗ്



**കൊച്ചി:** വോഗ് തങ്ങളുടെ പുതിയ ഹവാനാസ് സൺഗ്ലാസ്സുകൾ പുറത്തിറക്കി. വോഗിന്റെ സമകാലിക ക്ലാസിക്, ട്രെൻഡി ശൈലി എന്നിവയാൽ ഒത്തിണക്കിയ ഈ പുതിയ സൺഗ്ലാസ്സുകൾ ഈ ഉത്സവക്കാലത്തു കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും അത്ഭുതപ്പെടുത്തുന്നതിനുള്ള മികച്ച സമ്മാനം കൂടിയാണെന്ന് കമ്പനി അധികൃതർ വ്യക്തമക്കി.ആധുനിക രീതിയിൽ ക്യൂറേറ്റ് ചെയ്ത വോഗ് ഹവാനാസ് സൺഗ്ളാസ്സുകൾ ഗൃഹാതുരത്വത്തിന്റെയും സമകാലിക അഭിരുചിയുടെയും സംയോജനം കൂടിയാണ്. വിന്റേജ് ചാം ഉൾപ്പെടുത്തി പുതിയ ഗ്രേഡിയന്റ് ഫേഡ്ഡൗൺ ടോണുകൾ കൊണ്ട് അലങ്കരിച്ച ഈ ഷേഡുകൾ സജീവമായ ടിസ്റ്റിനൊപ്പം കാലാതീതമായ ആകർഷണം കൂടി വാഗ്ദാനം ചെയ്യുന്നു. 2990 രൂപ മുതൽ വിലവരുന്ന ഈ സൺഗ്ലാസ്സുകൾ ടൈറ്റൻ ഐ പ്ലസ്, ആമസോൺ ഇന്ത്യ, അജിയോ, നൈകാ, ടാറ്റ ക്ലിക്ക്, സൺഗ്ലാസ് ഹട്ട് തുടങ്ങിയ എല്ലാ പ്രമുഖ സ്റ്റോറുകളിലും ഓൺലൈൻ പോർട്ടലുകളിലും ലഭ്യമാണ്.

# ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് ബോണറ്റ് നമ്പർ; പൂട്ടുമായി മോട്ടോർ വാഹന വകുപ്പ്

## വാഹനങ്ങൾക്ക് ബോണറ്റ് നമ്പറുകൾ നൽകുന്നത് അനധികൃത ഡ്രൈവിംഗ് പരിശീലനം തടയാൻ



**കൊച്ചി:** അംഗീകൃത ഡ്രൈവിംഗ് സ്കൂളിലെ വാഹനങ്ങൾക്ക് ബോണറ്റ് നമ്പറുകളുമായി മോട്ടോർ വാഹന വകുപ്പ്. ബോണറ്റ് നമ്പർ ഇല്ലാതെ ഡ്രൈവിംഗ് പരിശീലനം നടക്കുന്നത് നടത്തുന്ന വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കും. ബോണറ്റ് നമ്പറുകളുടെ വിതരണോദ്ഘാടനം കാക്കനാട് ടെസ്റ്റ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി. അനന്തകൃഷ്ണൻ നിർവഹിച്ചു.റോഡ് സുരക്ഷയുടെ ഭാഗമായി ടൂവീലർ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ കർശനമായും ഹെൽമെറ്റ് ധരിക്കണമെന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ഡ്രൈവിംഗ് ടെസ്റ്റിന് എട്ട് എടുക്കുമ്പോൾ പോലും ഹെൽമറ്റ് ധരിക്കണം. സംസ്ഥാനത്ത് തന്നെ ഏറ്റവും മികച്ചതും ഒന്നാമത്തേതും ആയ ടെസ്റ്റ് ഗ്രൗണ്ടായി കണയന്നൂർ താലൂക്കിലെ ഗ്രൗണ്ട് മാറണമെന്നും അദ്ദേഹം പറഞ്ഞു. അനധികൃത ഡ്രൈവിംഗ് പരിശീലനം തടയുന്നതിന്റെ ഭാഗമായാണ് മോട്ടോർ വകുപ്പിന്റെ നേതൃത്വത്തിൽ വാഹനങ്ങൾക്ക് ബോണറ്റ് നമ്പറുകൾ നൽകുന്നത്. ഡ്രൈവംഗ് സ്കൂളുകളിൽ ചട്ടപ്രകാരം ലൈസൻസ് കരസ്ഥമാക്കാത്ത വാഹനങ്ങൾ അനധികൃതമായി പരിശീലനത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തിയ സാഹചര്യത്തിലാണ് നടപടി. ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകളിലെ വാഹനങ്ങളിൽ പരിശോധന നടത്തിയ ശേഷമാണ് വാഹനങ്ങൾക്ക് ബോണറ്റ് നമ്പർ നൽകിയത്. ലൈസൻസുള്ള വാഹനങ്ങളിൽ പ്രത്യേക ബോണറ്റ് നമ്പറോടു കൂടിയ സ്റ്റിക്കറുകൾ മുൻഭാഗത്തും പുറകിലും പതിപ്പിക്കും. ഇതിലൂടെ അംഗീകൃത പരിശീലന വാഹനങ്ങൾ പൊതുജനങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും.മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കെ വി ബിജു, വിവിധ ഡ്രൈവിംഗ് സ്കൂൾ പ്രതിനിധികൾ, ഡ്രൈവിംഗ് സ്കൂൾ പരിശീലകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ഇടെൻഡർ ക്ഷണിച്ചു

**തിരുവനന്തപുരം:** മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഉള്ള വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി 2023 ഡിസംബർ 17 മുതൽ 2024 ഡിസംബർ 16 വരെ പുതുക്കി നടപ്പിലാക്കുന്നതിന് ഇൻഷുറൻസ് കമ്പനികളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പ്രത്യേകം ഇടെൻഡറുകൾ ക്ഷണിച്ചിരിക്കുന്നു. ടെൻഡർ ഡോക്യുമെന്റും ടെൻഡർ ഷെഡ്യൂളും ഠഠഠ.ലലേിലൃ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി 2023 സെപ്റ്റംബർ 2 വൈകുന്നേരം 5 മണി. മത്സ്യത്തൊഴിലാളികൾക്കായുള്ള വ്യക്തിഗത അപകട ഇൻഷുറൻസ് ടെൻഡർ തുറക്കുന്നത് സെപ്റ്റംബർ 4 വൈകുന്നേരം 3 മണിക്കായിരിക്കും. അനുബന്ധത്തൊഴിലാളികൾക്കായുള്ള വ്യക്തിഗത അപകട ഇൻഷുറൻസ് ടെൻഡർ തുറക്കുന്നത് സെപ്റ്റംബർ 4 വൈകുന്നേരം 3 വരെ.

## പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** 2023 ജൂൺ ജൂലൈ മാസങ്ങളിലായി നടന്ന എൻ.ടി.ഇ.സി മാർച്ച് 2023 ഒന്നും രണ്ടും റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലങ്ങൾ പ്രസിദ്ധീകരിച്ചത് പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in ൽ ലഭ്യമാണ്.

# കാർഷികോത്സവത്തിൽ സന്ദർശകരുടെ മനം കവർന്ന് 'വനസുന്ദരി'



**കൊച്ചി:** കാർഷികോത്സവം 2023ൽ സന്ദർശകരുടെ മനം കവർന്ന് അട്ടപ്പാടി ചുരമിറങ്ങിയ 'വനസുന്ദരി ഹെർബൽ ചിക്കൻ'. കളമശ്ശേരിയുടെ മണ്ണിൽ പാലക്കാടൻ രുചിക്കൂട്ടുകൾക്ക് പ്രിയമേറുമ്പോൾ അട്ടപ്പാടിയിലെ ആദിവാസി സ്ത്രീ കൂട്ടായ്മയ്ക്ക് ഇത് അഭിമാനത്തിന്റെ നിമിഷമാണ്. പരിശീലനത്തിലൂടെ സ്വായത്തമാക്കിയ പാചക കല കൊച്ചി പോലെ ഒരു മഹാനഗരത്തിൽ അംഗീകരിക്കപ്പെടുന്നതിന്റെ അഭിമാനം.ഇത് മൂന്നാം തവണയാണ് 'വനസുന്ദരി ഹെർബൽ ചിക്കൻ' കൊച്ചിയിൽ വിളമ്പുന്നത്. രുചി അറിഞ്ഞവർക്ക് ഒന്നേ പറയാനുള്ളു 'സംഭവം അടിപൊളി'. കഴിച്ചു കഴിഞ്ഞവർ പലരും രുചി കൂട്ടുകളിലെ രഹസ്യം തേടി വീണ്ടും എത്തിയതാണ് ഊരിലെ സ്ത്രീകൾക്ക് വനസുന്ദരി വിളമ്പാൻ ആത്മവിശ്വാസം നൽകിയത്. വനസുന്ദരി ഹെർബൽ ചിക്കൻ, സോലെ മിലൻ, ഊര് കാപ്പി എന്നിങ്ങനെ മൂന്ന് വിഭവങ്ങളാണ് അട്ടപ്പാടിയിലെ കുടുംബശ്രീ അംഗങ്ങൾ കാർഷികോത്സവത്തിലെ സന്ദർശകർക്കായി ഒരുക്കുന്നത്. മായം ചേർക്കാതെയുള്ള രുചികൂട്ടുകളാണ് വനസുന്ദരിയുടെ ഏറ്റവും വലിയ പ്രത്യേകത. വനസുന്ദരിക്ക് (കോമ്പോ ) 180 രൂപയും സോലെ മിലൻ (കോമ്പോ )വിഭവത്തിന് 190 രൂപയുമാണ് വില ഈടാക്കുന്നത്. 20 രൂപയ്ക്ക് ഔഷധ സമ്പന്നമായ ഊര് കാപ്പിയും ലഭിക്കും. അട്ടപ്പാടി കുടുംബശ്രീയുടെ ഭക്ഷണശാല കൂടാതെ മറ്റ് രണ്ട് ഭക്ഷണശാലകളും കുടുംബശ്രീയുടെ നേതൃത്വത്തിൽ കാർഷികോത്സവത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യദായക സമീകൃത ആഹാരങ്ങളാണ് ഇവർ ഒരുക്കുന്നത്.

